കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# പട്ടുവം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

**e-mail:doknr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/2018 / 2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

ഫോൺ: 0497 2707698

തീയ്യതി : 18.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

പട്ടുവം ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : പട്ടുവം ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

----------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടുവം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ,1996 ലെ കേരള ലോക്കൽ ഫണ്ട്

ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഏയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ വഴി)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.3/2018/2018 തീയ്യതി : 18.01.2019

## കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പട്ടുവം ഗ്രാമ പഞ്ചായത്ത് 20-6-2017 മുതൽ 13-11-18 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13എണ്ണത്തിന് മറുപടി ലഭിച്ചിണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്ത്വവുമുണ്ടായിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ.എം.പി. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 13-11-2018 മുതൽ 28-11-2018 വരെ | ശ്രീ.രമണി കിഴക്കീൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷൈജു മാത്യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ധന്യ എം.വി | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ആനക്കീൽ ചന്ദ്രൻ | 1-4-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.പി.ഭാർഗ്ഗവൻ | 1-4-2017 മുതൽ 14-05-2017 വരെയും 15-06-2017 മുതൽ |

| | | |
|---|---|---|
| | | 31-03-2018 വരെയും |
| | ശ്രീമതി രമ എം.എം<br>അസി. സെക്രട്ടറി<br>(അഡീ. ചാർജ്ജ്) | 15-05-2017 മുതൽ<br>14-06-2017 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. നിഷ.വി.വി | 1-4-2017 മുതൽ<br>31-10-2017 വരെ |
| | ശ്രീമതി.ബിന്ദ്യ.കെ.വി | 01-11-2017 മുതൽ<br>31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.പ്രീത.കെ | 1-4-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ. | ശ്രീമതി.ബബിത.കെ | 1-4-2017 മുതൽ 31-3-2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. പി.ലക്ഷ്മിക്കുട്ടി | 1-4-2017 മുതൽ<br>17-01-18വരെ(ചാർജ്) |
| | ശ്രീമതി.ഉഷ.എം.വി | 18-01-18 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. ധന്യഉണ്ണിക്കൃഷ്ണൻ | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. ജയപ്രകാശ്.എ | 1-4-2017 മുതൽ 31-3-2018 വരെ |
| വെറ്റിനറി സർജൻ | ഡോ.സോയ.ഇ | 1-4-2017<br>മുതൽ2-05-17വരെ |
| | ഡോ.ഷെറിൻ. ബി.സാരംഗം | 3-05-17 മുതൽ<br>10-08-17വരെ |
| | ഡോ.ഹാഫിസ്. എ | 11-08-17 മുതൽ<br>22-10-17വരെ |
| | ഡോ.വിഷ്ണു.എസ് | 23-10-17 മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീമതി രമ എം.എം | 1-4-2017 മുതൽ 01-08-2017 വരെ |
| | ശ്രീമതി മിനി കെ. ഹെഡ് ക്ലർക്ക് (അഡീ. ചാർജ്ജ്) | 02-08-2017 മുതൽ 30-08-2017 വരെ |
| | ശ്രീ.മധു. എം.പി | 31-08-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.അനിൽ കുമാർ.പി | 1-4-2017 മുതൽ 31-3-2018 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.രജീഷ്.ടി.കെ | 1-4-2017 മുതൽ 31-3-2018 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം . | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | രസീത് അപാകതകൾ | 2-1 |
| 14 | ഡി ആൻഡ് ഓ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-2 |
| 15 | ടെൻഡർ ഫോറം വില ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-3 |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | മാർക്കറ്റ് കെട്ടിട നിർമ്മാണം-ആസൂത്രണത്തിലെ പിഴവും ചട്ട വിരുദ്ധമായ ഭൂമി കൈമാറ്റവും. | 3-1 |
| 17 | സോളാർ പാനൽ സ്ഥാപിച്ചതിലെ അപാകങ്ങൾ. | 3-2 |
| 18 | പൊതുടാപ്പുകളുടെ വെള്ളക്കരം -കുടിശ്ശിക തുക ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-3 |
| 19 | പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണം-സമഗ്ര പദ്ധതി വിഭാവനം ചെയ്തിട്ടില്ല. | 3-4 |
| 20 | തെരുവ് വിളക്ക് ലൈൻവലിക്കൽ-കാലതാമസവും നടപടി ക്രമങ്ങളിലെ വീഴ്ചയും. | 3-5 |
| 21 | സമഗ്ര കന്നുകാലി ഇൻഷ്വറൻസ് -അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗുണോഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു. | 3-6 |

| | | |
|---|---|---|
| 22 | ടെൻഡർ നടപടി ക്രമങ്ങളിലെ അപാകങ്ങൾ. | 3-7 |
| 23 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-തുക കൈമാറിയത് കൈപ്പറ്റ് രസീത് ലഭ്യമാക്കേണ്ടതാണ്. | 3-8 |
| 24 | നോൺ എവെയ് ലബിലിറ്റി സർട്ടിഫിക്കറ്റും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയില്ല. | 3-9 |
| 25 | സാന്ത്വനപരിചരണം രേഖകൾ ഹാജരാക്കിയില്ല. | 3-10 |
| 26 | പഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനചെലവ് -1650 നിരാകരിക്കുന്നു. | 3-11 |
| 27 | വാഹനം സംസ്ഥാന ഇൻഷൂർൻസ് വകുപ്പിൽ ഇൻഷൂർ ചെയ്യുന്നില്ല. | 3-12 |
| 28 | പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-13 |
| 29 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-14 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 30 | സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 33 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപം | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധങ്ങൾ | | |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 41 | റസീറ്റ് & പെയ്മെന്റ് സ്റ്റേയിറ്റ്മെന്റ് | അനുബന്ധം-2-1 |
| 42 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേയിറ്റ്മെന്റ് | അനുബന്ധം-2-2 |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28-03-17 തീയതിയിലെ 33/17തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. വിശദ വിവരം ചുവടെ ടേർക്കുന്നു. (പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കിയിട്ടില്ല.)

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 2940000 |
| വരവ് | 102758600 |
| ആകെ | 105698600 |
| ചെലവ് | 105076600 |
| നീക്കിയിരിപ്പ് | 622000 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/18 | 29/05/18 | തിരിച്ചയച്ചിട്ടില്ല | ------- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13-06-18 ,14-06-18 | കെ.എസ്.എ.കെ.എൻ.ആർ /സി9/1157/2018 തീ 31-07-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7369389.47 |
| വരവ് | 46977229 |
| ആകെ | 54346618.47 |
| ചെലവ് | 46305116 |
| നീക്കിയിരിപ്പ് | 8041502.47 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 7891000 | 7891000 | 7048246 | 842754 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2858080 | 2858080 | 2491740 | 366340 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 41983 | 41983 | 0 | 41983 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 3028652 | 3028652 | 1640089 | 1388563 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2785394 | 2785394 | 2248915 | 536479 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 3646765 | 3646765 | 3605246 | 41519 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 21227157 | 21227157 | 16678392 | 4548765 |
| ദുരിതാശ്വാസനിധി | | 31732 | 17566 | 49298 | 0 | 49298 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 3921978 | 3921978 | 3921978 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | - | 394722 | 394722 | 394454 | 268 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (അനുപൂരക പോഷകാഹാരം | | 367906 | 392888 | 760794 | 2362881 | 524506 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 172069 | 759000 | 931069 | 472470 | 458599 |
| | ജില്ലാ പഞ്ചായത്ത് | 1320700 | 546600 | 1867300 | 423300 | 1444000 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | | 0 | 27044700 | 27044700 | 27044700 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 5457000 | 5457000 | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3919151.53 | 5966684 | 9885835.53 | 6058144 | 3827891.53 |
| | ട്രഷറി അക്കൗണ്ട്) | 3110884 | 7374404 | 10485288 | 7617793 | 2867495 |
| മറ്റിനം | കേരളോത്സവം | | 20000 | 20000 | 20000 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 128 | 36978673 | 97 | 63.7 | 29 | 6 | 75.78 |

| ന്ർവ്വഹണ ഉദ്യോഗസ്ഥൽ | പദ്ധതികളുടെ എണ്ണം | നപ്പിലാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 20 | 18 | 4572915 | 3230035 | 70.63 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 2 | 742000 | 500000 | 67.38 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 63 | 40 | 37156336 | 22984670 | 61.85 |

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 2643500 | 1785943 | 67.55 |
| വി.ഇ.ഒ. | 10 | 8 | 3097124 | 1240051 | 40.03 |
| ICDS സൂപ്പർവൈസർ | 5 | 4 | 3097906 | 2410183 | 77.80 |
| മെഡിക്കൽ ഓഫീസർ PHC | 2 | 2 | 400000 | 336445 | 84.11 |
| മെഡിക്കൽ ഓഫീസർ GAD | 2 | 2 | 750000 | 679000 | 90.53 |
| വെറ്ററിനറി സർജൻ | 8 | 8 | 2935892 | 1620838 | 55.20 |
| ഹെഡ് മാസ്റ്റർ | 7 | 6 | 61533000 | 1460883 | 95.29 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 50000 | 49603 | 99.2 |
| ആകെ | 128 | 97 | 116933676 | 57997651 | |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ – ഇല്ല

പദ്ധതി ആസൂത്രണം -അവലോകനം

പട്ടുവം ഗ്രാമ പഞ്ചായത്തിൽ 12 അംഗ ആസൂത്രണസമിതി യും 13വർക്കിംഗ് ഗ്രൂപ്പുകൾ 24-01-17 ന്റെ (12/17(1)തീരുമാനപ്രകാരം) ( 05/2017 രൂപീകരിച്ചിട്ടുണ്ട്.

2017-18 പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി 7തവണ യോഗങ്ങൾ

ചേർന്നിട്ടുണ്ട്.

II.വികസനരേഖ തയ്യാറാക്കൽ

വികസനരേഖ തയ്യാറാക്കൽ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

III.ഗ്രാമസഭകൾ

പഞ്ചായത്തിൽ ആകെ 13വാർഡുകളാണുള്ളത്. എല്ലാ ഗ്രാമ സഭകളും 4 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

IV.വികസന സെമിനാർ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി 20-05-2017 തീയതിയിൽ നടന്ന വികസനസെമിനാറിൽ 152പേർ പങ്കെടുത്തിട്ടുണ്ട് . വികസന സെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച നടന്നിട്ടുണ്ട്.

V.വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ.

വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന്റെ ഭാഗമായി വികസനരേഖയും പദ്ധതി രേഖയും വാർഷിക പദ്ധതി മാർഗ്ഗ നിർദേശങ്ങൾ പ്രകാരം തന്നെ തയ്യാറാക്കിയിട്ടുണ്ട്.

VI.പ്രൊജക്ടുകൾ തയ്യാറാക്കൽ.

അന്തിമ പദ്ധതിരേഖയിലെ എല്ലാ പ്രോജക്ട് നിർദ്ദേശങ്ങളും ആദ്യം നിശ്ചിത ഫോറത്തിൽ എഴുതി തയ്യാറാക്കുകയും തുടർന്ന് സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി നടത്തുകയും ചെയ്തിട്ടുണ്ട്.

VII.വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

പഞ്ചായത്തിന്റെ 26-05-2017 ലെ സാധാരണ യോഗത്തിലെ 60/17(2) നമ്പർ തീരുമാന പ്രകാരം 2017-18 വർഷത്തെ വാർഷിക പദ്ധതികൾ അംഗീകരിക്കുകയും പ്രസ്തുത പദ്ധതികൾ ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്നതിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.ആയതിന് 31-05-2017 തീയതിയിൽ ചേർന്ന ജില്ല ആസൂത്രസമിതിയോഗത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു.

VIII.പ്രൊജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും

വാർഷിക പദ്ധതികൾക്ക് ജില്ല ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചയുടനെ തന്നെ ബന്ധപ്പെട്ട വെറ്റിംഗ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത വെറ്റിംഗ് ഉദ്യേഗസ്ഥർ ഓരോ പദ്ധതികളും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും സബ്സിഡി മാനദണ്ഡങ്ങളിലും വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകളും നിർദേശങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൂന്നവയാണെന്ന് വിലയിരുത്തി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾക്ക് പരിശോധനക്ക് ശേഷം സാമ്പത്തികാധികാരപരിധിക്ക് വിധേയമായി ഉത്തരവാദപ്പെട്ട ഉദ്യേഗസ്ഥൻ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്.

IX.വാർഷിക പദ്ധതി നിർവ്വഹണവും, മോണിട്ടറിംഗും

2017-18 വർഷത്തെ പദ്ധതി ചെലവ് 57997651 രൂപയാണ്. പദ്ധതി രൂപീകരണശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിങ്ങ് കമ്മറ്റികൾ യോഗം ചേർന്ന് യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണെന്ന് നിഷക്കർഷിക്കുന്നുണ്ടെങ്കിലും ,അത്തരത്തിലുള്ള മോണിറ്ററിങ്ങ് റിപ്പോർട്ടുകൾ തയ്യാറാക്കിയതായി കാണുന്നില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 394722 | 394722 | 394454 | 268 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3921978 | 3921978 | 3921978 | 0 |
| ആകെ | 0 | 4316700 | 4316700 | 4316432 | 268 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23040 | 31 |
| കർഷക തൊഴിലാളി പെൻഷൻ | 4895400 | 1667 |
| വിധവാ പെൻഷൻ | 6773200 | 2224 |
| വാർദ്ധക്യകാല പെൻഷൻ | 12811800 | 3746 |
| വികലാംഗ പെൻഷൻ | 2545700 | 782 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 716200 | 236 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-11-18ന് രാവിലെ 3pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 2804രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

2017-18 വർഷം 6 തവണ മാത്രമാണ് ഓഫീസ് ജീവനക്കാരുടെ യോഗം ചേർന്നിട്ടുള്ളത്. ഓഫീസ് പ്രവർത്തനം , നികുതി പിരിവ് എന്നീ വിഷയങ്ങളാണ് മീറ്റിംഗുകളിൽ പ്രധാനമായും ചർച്ച ചെയ്തിട്ടുള്ളത്. എല്ലാ മാസങ്ങളിലും ജീവനക്കാരുടെ യോഗം ചേരുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രജിസ്റ്ററുകളും രേഖകളും സാമാന്യം നല്ല രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്.ജീവനക്കാർ തൻ പതിവേട് എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകൾ തീർപ്പാക്കുന്നതിൻെറ വിവരങ്ങൾ രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട മേലുദ്യോഗസ്ഥൻ പരിശോധിക്കുകയോ ചെയ്യുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/11/18 | 1-09-18 മുതൽ 31-10-18 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/03/11 | 2005-06 മുതൽ 2009-10വരെ | ലഭിച്ചിട്ടില്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകങ്ങളിൽ പരിഹരിക്കാത്തവയും പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റു പരാമർശങ്ങളും ചുവടെ കൊടുക്കുന്നു.

1. ബാലൻസ് ഷീറ്റിൽ ദുരിതാശ്വാസനിധിയിൽ B2 ഷെഡ്യൂളിലെ തുകയും B17 ഷെഡ്യൂളിലെ തുകയും പൊരുത്തപ്പെടുന്നില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. വസ്തു നികുതി ഇനത്തിൽ I-1 ഷെഡ്യൂളിൽ കുടിശ്ശിക ഡിമാന്റ് ഉൾപ്പെടെയാണ് തൻവർഷ

ഡിമാന്റായി കാണിച്ചിരിക്കുന്നത്.

4. write off , Remission എന്നീ തുകകൾ ഒഴിവാക്കിയാണ് ഡിമാന്റ് കണക്കാക്കിയത്.

5. അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (50 വയസ്സിന് മുകളിൽ) ഇനത്തിൽ 716200

രൂപ ചെലവുണ്ടെങ്കിലും വാർഷിക കണക്കിൽ ഇത് 522700 രൂപ എന്നാണ് കാണിച്ചിരിക്കുന്നത്.

6. B15 ഷെഡ്യൂളിൽ state govt.cesses/Levies in property taxes control account - ൽ കാണിച്ച

തുക യഥാർത്ഥത്തിൽ വരേണ്ട തുകയുമായി പൊരുത്തപ്പെടുന്നില്ല.

7. 31-03-18 ൽ ടി.എസ്.ബി അക്കൗണ്ടിൽ നിന്നും തിരിച്ചു പിടിച്ച 28,23,288 രൂപ ബാലൻസ് ഷീറ്റിൽ B15 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീത്- അപാകങ്ങൾ

പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ രശീതിന്റെ സ്റ്റോക്ക് രജിസറ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ ചില അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1). 24-11-17ന് സുരേശൻ സി.പി എന്നയാൾക്ക് ഇഷ്യു ചെയ്ത 38350 രശീത് ബുക്ക് ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി വെറ്റിനറി സർജൻ ആണ് ഉപയോഗിച്ചിട്ടുള്ളത്.

2). രശീത് ബുക്ക് ഇഷ്യൂ ചെയ്യുമ്പോൾ പേജിന്റെ എണ്ണം സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണം

38337/31-10-17, 38339/3-1-17, 38348/17-11-17, 38340/4-11-17, 11266/24-10-18

3).രശീത് ഉപയോഗിച്ചതിന്റെ ബാലൻസ് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് അപാകങ്ങൾ

പട്ടുവം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡി&ഒ ലൈസൻസ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ വിറ്റുവരവ്, സ്ഥലം, തീയ്യതി എന്നിവ രേഖപ്പെടുത്തുന്നില്ല. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | വാർഡ് നമ്പർ | വ്യാപാര ഇനം | രശീത് നം/തീയ്യതി |
|---|---|---|---|---|
| 1 | മുഹമ്മദ് വബീസുൽ | VII/154 | ഫർണ്ണിച്ചർ നിർമ്മാണം | 11602103041<br>10-02-17 |
| 2 | കെ.പി നെൽസൻ | IV/322 | പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ വിൽപ്പന | 11602103305<br>27-02-17 |

| | | | | |
|---|---|---|---|---|
| 3 | ഐ.വി ഗോവിന്ദൻ | XIII/72 | ടൈലറിംഗ് | 117020102783<br>05-01-18 |
| 4 | പി.വി കൃഷ്ണൻ | XI/283 | അനാദികട | 117020102678<br>30-12-17 |
| 5 | വി. കുഞ്ഞിരാമൻ | XIII/82D | ഹോട്ടൽ നടത്തിപ്പ് | 117020100486<br>16-05-17 |

2) ലൈസൻസ് അനുവദിക്കുമ്പോൾ സെക്രട്ടറിയുടെ ഒപ്പ് ഇല്ലാതെയുള്ള അപേക്ഷകൾ ഉണ്ട്. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | വാർഡ് നമ്പർ | വ്യാപാര ഇനം | രശീത് നം/തീയ്യതി |
|---|---|---|---|---|
| 1 | വിലാസിനി എം | I/99 | അനാദികട | 117020103744<br>14-02-18 |
| 2 | കെ.വാസുദേവൻ | II/278 | ഫ്ലവർ മിൽ | 117020103744<br>15-02-18 |
| 3 | മീത്തലെ പുരയിൽ അബാസ് | II/41 | അനാദികട | 117020103820<br>21-02-18 |
| 4 | ജാവീദ് അക്തർ | II/275 | അലുമിനിയം ഫാബ്രിക്കേഷൻ | 117020103811<br>21-02-18 |
| 5 | മനോജ്. വി | III/410 | ടീസ്റ്റാൾ | 117020103894<br>27-02-18 |

3).ഡി&ഒ ലൈസൻസ് യഥാസമയം പുതുക്കുന്നില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ( ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽ പല അപേക്ഷകളും സമർപ്പിച്ചത് സമയപരിധി പാലിക്കാതെയാണ്. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | അപേക്ഷ ലഭിച്ച തീയ്യതി | വാർഡ് നമ്പർ | വ്യാപാര ഇനം | രശീത് നം./തീയ്യതി |
|---|---|---|---|---|---|
| 1 | മുഹമ്മദ് ശിഫാൻ കെ.പി | 28-03-18 | X/49 | അലുമിനിയം ഫാബ്രിക്കേഷൻ | 117020104197 28-03-18 |
| 2 | ഉഷകുമാരി .എം | 24-03-18 | II/433 | റേഷൻ കട | 117020104173 24-03-18 |
| 3 | മുസ്തഫ . എ | 04-01-18 | XII/111A | കോഴിക്കട | 117020014159 22-03-18 |
| 4 | ശരത്ചന്ദ്രൻ എം.പി | 20-03-18 | VI/5 | ടൈലറിംഗ് | 117020104139 20-03-18 |
| 5 | ടി.വി നിഷാദ് | 17-03-18 | XIII/202A | പെയിന്റിംഗ് സാധനങ്ങൾ | 117020104119 17-03-18 |

സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷം ആരംഭം മുതൽ ലൈസൻസ് വാങ്ങിക്കുന്ന തീയ്യതി വരെ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച എന്നു മനസ്സിലാക്കാം. ആയതിനാൽ ചട്ട ലംഘനത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരം പഞ്ചായത്തിന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്. തുടർ വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 2-3 ടെൻഡർ ഫോറം വില ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2017-18വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇ-ടെൻഡറിംഗ് നടത്തുമ്പോൾ ടെൻഡർ ഫോം വില കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ആണ് ഒടുക്ക് വരുത്തുന്നത്. പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറം വില തിരികെ ഈടാക്കിയിട്ടില്ല. പ്രസ്തുത തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാർക്കറ്റ് കെട്ടിടനിർമ്മാണം -ആസൂത്രണത്തിലെ വീഴ്ചയും ചട്ടവിരുദ്ധമായ ഭൂമി കൈമാറ്റവും.

പ്രൊജക്ട് നം.95/18

അടങ്കൽ : 7350000 (ലോകബാങ്ക് ധനസഹായം)

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ.

കരാർ ഉടമ്പടി നം:AE/PTVM/2016-17 തി.27.2.2017

ചെലവ്തുക വിവരങ്ങൾ.

| ഇനം | തുക | ബിൽ നം. | അളവ് പുസ്തകം. |
|---|---|---|---|
| കെട്ടിടനിർമ്മാണം. | 1702472 | 17190352009700546407 തി.12.10.2017 | 10/18 24/17 24/17(1) |
| | 2946467 | 17190352009701068552 തി.24.2.2018 | |
| ഇലക്ട്രിക്കൽ പ്രവർത്തികൾ. | 375951.58 | 17190352009701204796 തി.24.3.2018 | 01/09/18 |

ഗ്രാമപഞ്ചായത്തിലെ കാർഷികോൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിനായി പണികഴിപ്പിച്ച ഈ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു.

എ)ചട്ടവിരുദ്ധമായി ഗ്രാമപഞ്ചായത്തിന്റെ സ്ഥലം സ്വകാര്യ വ്യക്തിക്ക് കൈമാറി-12340 രൂപ തടസ്സപ്പെടുത്തുന്നു.

പട്ടുവം ഗ്രാമപഞ്ചായത്ത് പച്ചക്കറി, മത്സ്യ മാർക്കറ്റ് കെട്ടിടം പണിയുന്നതിനായി ശ്രീ.ഗംഗാധരൻ തെക്കിനപ്പുരയിൽ എന്ന വ്യക്തിയിൽനിന്നും 4.21ആർ ( 10.41 സെന്റ് ) സ്ഥലം 2898/2016 തി.16.8.2016നം.ആധാരപ്രകാരം സൗജന്യമായി വാങ്ങുകയുണ്ടായി.(ഈ സ്ഥലം വാങ്ങുന്നതിന് 2005 ലെ കേരളാ പഞ്ചായത്തീരാജ് വസ്തു ആർജ്ജിക്കലും കയ്യൊഴിയലും ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന ജില്ലാ കലക്ടറുടെ മൂല്യനിർണ്ണയം, സ്ഥലം മാർക്കറ്റ് നിർമ്മാണത്തിന് അനുയോജ്യമാണെന്നുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ സാക്ഷ്യപത്രം,സ്ഥലത്തിന്മേൽ മറ്റ് ബാധ്യതകളൊന്നുമില്ലയെന്ന് തെളിയിക്കുന്ന 18വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ് എന്നിവ വാങ്ങിയിരുന്നതായി കാണുന്നില്ല.)ഈ സ്ഥലത്ത് മാർക്കറ്റ് നിർമ്മാണത്തിനായി പ്ലാൻ തയ്യാറാക്കുന്ന വേളയിൽ ഈ സ്ഥലത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള 1.444 ആർ സ്ഥലം ഒഴിഞ്ഞ് പോയിയെന്നും കൂടാതെ ശ്രീ.ഗംഗാധരന്റെ തന്നെ ഉടമസ്ഥതയിലുള്ള തെക്കെ ഭാഗത്തെ 1.444 ആർ സ്ഥലംകൂടി ഉൾപ്പെട്ടുപോയെന്നും ഗ്രാമപഞ്ചായത്തിന്റെ 50/2017(2) തി.27.4.2017 നം തീരുമാനത്തിൽ കാണുന്നു. മേൽ സ്ഥലങ്ങൾ തമ്മിൽ സൗജന്യമായി കൈമാറ്റം നടത്തുന്നതിന് ശ്രീ.ഗംഗാധരൻ സമ്മതിച്ചതിനാൽ കൈമാറ്റാധാരം നടത്തുന്നതിന് ഇതേ ഭരണസമിതി

തീരുമാനം നമ്പർ പ്രകാരം തന്നെ തീരുമാനിച്ചിട്ടുമുണ്ട്.ആയതു പ്രകാരം പരസ്പരകൈമാറ്റാധാരം നടത്തിയതിന്റെ ചെലവിനത്തിൽ 10340രൂപ (വൌച്ചർ നം.21700099/16.5.2017 പ്രകാരം 5800 രൂപ,21700101 തി.17.5.2017 പ്രകാരം 4540രൂപ)ചെലവഴിച്ചതായും കാണുന്നു.(ആധാരം നം. 1960/16.5.2017 സബ് രജിസ്ട്രാർ ഓഫീസ് തളിപ്പറമ്പ)

2005 ലെ കേരളാ പഞ്ചായത്തീരാജ് വസ്തു ആർജ്ജിക്കലും കയ്യൊഴിയലും ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തു ആർജ്ജിക്കുന്നത് ഒന്നുകിൽ പൊന്നുംവിലകൊടുത്ത് അക്വിസിഷൻ ചെയ്യുന്നതിലൂടെയോ അല്ലയെങ്കിൽ ഉഭയസമ്മതപ്രകാരം വാങ്ങുന്നതിലൂടെയോ മാത്രമായിരിക്കണം എന്ന് നിഷ്കർഷിക്കുന്നു. ഇവയുടെ ആധാരം തയ്യാറാക്കേണ്ട നിശ്ചിത മാതൃകയും ചട്ടങ്ങളുടെ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഇവക്കൊക്കെ വിരുദ്ധമായി ഭൂമി പരസ്പരം കൈമാറ്റം ചെയ്തിരിക്കുകയാണ് .പഞ്ചായത്തിന്റെ വസ്തു കയ്യൊഴിയുന്നത് സർക്കാരിന്റെ മുൻകൂർ അനുമതിയോടെയാവണം എന്ന് മേൽ ചട്ടങ്ങളുടെ ഉപചട്ടം 6 നിഷ്കർഷിക്കുന്നുവെങ്കിലും ഇത്തരത്തിൽ യാതൊരു അനുമതിയും വാങ്ങാതെ ഗ്രാമപഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽമാത്രം സ്ഥലം കൈമാറ്റാധാരം നടത്തി 1.444ആർ (3.571സെന്റ്) . ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ 11/24.11.2018 ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ നടപടി മൂലം ഗ്രാമപഞ്ചായത്തിന് സ്ഥലനഷ്ടം ഉണ്ടായിട്ടില്ലായെന്ന മറുപടിയാണ് ലഭിച്ചത്. ഇത് സ്വീകാര്യമായ മറുപടിയല്ല. തീർത്തും ചട്ടവിരുദ്ധമായ ഈ നടപടിയിലേക്ക് ഭരണസമിതിയുടെയും ,ഭരണവകുപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു. ഈ സ്ഥലത്തിന്റെ കൈമാറ്റാധാരത്തിന്റെ ചെലവായ 10340 രൂപയും സർവ്വേ നടത്തുന്നതിന് ചെലവഴിച്ച 2000രൂപയും (വൗച്ചർ നം.2170061/ 21.5.2017)ഉൾപ്പെടെ 12340 രൂപ തടസ്സപ്പെടുത്തുന്നു.

ബി)<u>കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.</u>

കെട്ടിടം തൊട്ടടുത്ത കച്ചവടകേന്ദ്രമായ മംഗലശ്ശേരി റോഡ് ജങ്ഷനിൽനിന്നും ദൂരെ മാറിയാണ് സ്ഥിതിചെയ്യുന്നത്.കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല.നിലവിൽ കെട്ടിടത്തിന്റെ ചുറ്റിലും കാട് പിടിച്ചുകിടക്കുന്ന അവസ്ഥയാണ്. സമീപത്ത് കുഴിച്ചിരിക്കുന്ന കുഴൽകിണറ്റിൽ ജലം ലഭ്യമാണോയെന്നും വ്യക്തമല്ല. കുഴൽ കിണർ സംരക്ഷിച്ച് വച്ചിരിക്കുന്ന അവസ്ഥയിലല്ല ഉള്ളത്. കെട്ടിടത്തിൽ പ്ലംബിംഗ് പ്രവർത്തികളും നടപ്പിലാക്കിയിട്ടില്ല. എസ്റ്റിമേറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിരുന്നെങ്കിലും മാലിന്യ നിർമ്മാർജ്ജനത്തിനുള്ള പ്രവർത്തികൾ ചെയ്തിട്ടില്ല. ചുരുക്കത്തിൽ ഭീമമായ തുക ചെലവഴിച്ച് പണികഴിപ്പിച്ച കെട്ടിടം ഉപയോഗ ക്ഷമമാക്കുന്നതിനുള്ള തുടർനടപടികളൊന്നും ഗ്രാമപഞ്ചായത്ത് കൈക്കൊണ്ടതായി കാണുന്നില്ല. കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിന് 2018-19വർഷത്തെ പദ്ധതിയിൽ തുക വകയിരുത്തിയിരുന്നതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സി)<u>കെട്ടിടം വൈദ്യുതീകരണം-പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല- 39592രൂപ തടസ്സപ്പെടുത്തുന്നു.</u>

കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ നടത്തിയതിന് 375951.58രൂപ കരാറുകാരനായ ശ്രീ.ഷാജി

ജോർജ്ജിന് നൽകിയിട്ടുണ്ട്.എന്നാൽ എസ്റ്റിമേറ്റിൽ ഇനം 26 ആയി പറഞ്ഞിരിക്കുന്ന fabrication of fully partioned ,dust and vermin proof enclosure for panel assembly as per form 4 of IS 8623 (with latest amendments)using 1.6mm CRCA sheet(18 m2) എന്ന പ്രവർത്തി ചെയ്തതായി അളവ് പുസ്തകം പേജ് നം.23 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവർത്തിക്ക് നിർണ്ണയിച്ചിരിക്കുന്ന മൂല്യം 39591.63 രൂപയാണ്.(17.81 m2X2223) എന്നാൽ കെട്ടിടം നേരിട്ട് സന്ദർശിച്ചതിൽ ഇങ്ങനെയൊരു ഇനം സ്ഥാപിച്ചതായി കണ്ടില്ല. ഈ പ്രവർത്തിയുടെ അളവ് കണക്കാക്കിയ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിംഗ് അസി.എഞ്ചിനീയറിൽ നിന്നും മറുപടി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നം. മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.ആയതിനാൽ 39592രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 സോളാർ പാനൽ സ്ഥാപിച്ചതിലെ അപാകങ്ങൾ.

പ്രൊജക്ടിന്റെ പേര്-സോളാർ പാനൽ സ്ഥാപിക്കൽ.
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നം.51/18
പദ്ധതി അടങ്കൽ- 16,75,000(ലോകബാങ്ക് ധനസഹായം)

ചെലവഴിച്ച തുക :661500.
വൗച്ചർ നമ്പർ- 21700715/29.12.2017

2016-17 വർഷത്തിൽ തുടങ്ങിയ ഈ പ്രോജക്ട് അനർട്ടിന്റെ സർക്കുലർ നം.6036/എസ്.സി.ആർ.പി.ANERT/2016-17തി.1.12.2016ലെ നിബന്ധനകൾക്ക് വിധേയമായാണ് ചെയ്തത്. 15കി.വാട്ടിന്റെ ഗ്രിഡ് കണക്റ്റ് സോളാർ പാനലാണ് ഇത്.അനെർട്ടിന്റെ അംഗീകൃത പാനലിൽപെട്ട സ്ഥാപനങ്ങളിൽനിന്ന് ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ സൗര എനർജി സൊല്യൂഷൻസ്, കൊരട്ടി, തൃശ്ശൂർ എന്ന സ്ഥാപനത്തിനാണ് ടെണ്ടർ നൽകിയത്.ആകെ ക്വാട്ട് ചെയ്ത 9,45,000രൂപക്കാണ് കരാർ ഉറപ്പിച്ചിരിക്കുന്നത്. (ഭരണസമിതി തീരുമാനം നം34/30.3.2017) തുടർന്ന് പ്രവർത്തിപൂർത്തീകരിക്കുകയും കണ്ണൂർ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നുമുള്ള ഉത്തരവ് നംB-3/ 4400/2017/EINതി 29.11.2017പ്രകാരം പ്ലാന്റ് കമ്മീഷൻ ചെയ്യുകയും ചെയ്തു. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ2-310/16തി 28.2.2016 പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് പരിശോധന നടത്തിയതിനെ തുടർന്ന് അനർട്ട് ജില്ലാ എഞ്ചിനീയറുടെ റിപ്പോർട്ട് 22/ANERT /കെ.എൻ.ആർ/എസ്.പി.വി(ജനറൽ)/2018തി1.4.2018 ഫയലിൽ ലഭ്യമാണ്.സ്ഥാപിച്ചിരിക്കുന്ന പാനലുകൾ അനർട്ട് നിഷ്കർഷിക്കുന്ന RFID TAG ഇല്ലാത്തവയാണെന്നും ചില പാനലുകളിലെ സെല്ലുകളിൽ ആന്തരീക വിള്ളലുകൾ ഉണ്ടെന്നും ഇക്കാരണത്താൽ മുഴുവൻ പാനലുകളും മാറ്റിവെക്കേണ്ടതാണെന്നുമാണ് പ്രസ്തുത റിപ്പോർട്ടിൽ ഉള്ളത്. ഇതിനെ തുടർന്ന് ഗ്രാമപഞ്ചായത്തിൻനിന്നും എന്തെങ്കിലും നടപടി എടുത്തതായി ഫയലിൽനിന്നും വ്യക്തമല്ല. ചമച്ചിരിക്കുന്ന കരാർ ഉടമ്പടിയിലെ വ്യവസ്ഥ പ്രകാരം 25% തുക അനർട്ടിൽനിന്നുമുള്ള പരിശോധനാ റിപ്പോർട്ടിനെ തുടർന്ന് മാത്രമേ നൽകുകയുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 283500രൂപ കരാറുകാരന് നൽകാതെ സെക്രട്ടറിയുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഓഡിറ്റ് എൻക്വയറി നം.

2/18 മുഖേന ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് പാനലുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഒരിക്കൽ കൂടി കരാറുകാരന് നിർദ്ദേശം നൽകുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ആയതിനാൽ അനർട്ട് നിർദ്ദേശ പ്രകാരമുള്ള പാനലുകൾ സ്ഥാപിച്ചതിന് ശേഷം മാത്രമെ മേൽ തുക കരാറുകാരന് നൽകുന്നുള്ളൂവെന്ന് ഉറപ്പാക്കേണ്ടതാണ്.

എ)<u>ഉൽപാദനം ഉദ്ദേശിച്ച അളവിൽ നടക്കുന്നില്ല.</u>

അനെർട്ടിന്റെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം ഒരു കി.വാട്ട് ശേഷിയുള്ള സൗരോർജ്ജ പാനലിൽ നിന്നും ശരാശരി 4 യൂണിറ്റ് വൈദ്യുതിയാണ് ഉൽപാദിപ്പിക്കേണ്ടത്.പകൽ മുഴുവൻ സൂര്യപ്രകാശം നല്ലവണ്ണം ലഭിക്കുന്നതും തണൽ ഇല്ലാത്തതുമായ ഓഫീസിന്റെ ടെറസ്സിലാണ് പാനൽ സ്ഥാപിച്ചിരിക്കുന്നത്.ഇപ്രകാരം 15കി.വാട്ട് ശേഷിയുള്ള പഞ്ചായത്തിലെ പ്ലാന്റിൽനിന്നും ഒരു മാസം 1800/1860യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കേണ്ടതുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യിൽ നിന്നും ലഭിച്ച 9/2018 ലെ ബില്ലിൽ സോളാർ പാനലിൽനിന്നും വൈദ്യുതോൽപാദനം നടന്നതായി കാണുന്നില്ല. അതുപോലെ, 10/2018 ലെ ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്നത് 940 യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിച്ചതായാണ്. ഇതിൽനിന്നും പ്ലാന്റിന്റെ പ്രവർത്തനം ശരിയായ രീതിയിലല്ലയെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അനർട്ട് നിർദ്ദേശിച്ച പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 <u>പൊതുടാപ്പുകളുടെ വെള്ളക്കരം- കുടിശ്ശിക തുക ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

പ്രൊജക്റ്റ് നം.40/18.

വാട്ടർ അതോറിറ്റിയിൽനിന്നും ലഭ്യമായ ബിൽ(നം.18168/12.6.2017) പ്രകാരം 1,89,000 രൂപ വെള്ളക്കരമായി ഗ്രമപഞ്ചായത്ത് അടവാക്കിയിട്ടുണ്ട് (വൗച്ചർ നം. 21700664/27.9.2017). ബില്ലിൽ കാണിക്കുന്ന തക കുടിശ്ശികയുൾപ്പെടെ 11,69,559 രൂപ ആണ്. ബില്ലിൽ പറഞ്ഞിരിക്കുന്ന ടാപ്പുകളുടെ എണ്ണം 98ആണ്. 10.2.2014ലെ സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം 98 ടാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിൽ വന്നതോടെ 36 ടാപ്പുകൾ മാത്രമേ ആവശ്യമുള്ളൂയെന്നും ആയതിനാൽ ബാക്കിയുള്ള വാട്ടർ അതോറിറ്റി വകയായ ടാപ്പുകൾ ഒഴിവാക്കിത്തരണമെന്ന് പലതവണ പഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റി അസി.എഞ്ചിനീയറെ(തളിപ്പറമ്പ) അറിയിച്ചിരുന്നുവെങ്കിലും അവ വിഛേദിച്ചതായി കാണുന്നില്ല. ആയതിനാൽ 98 ടാപ്പുകളുടെ ബിൽ തുക കാണിച്ചിരിക്കുന്നതിൽ 36 ടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് പഞ്ചായത്ത് അടവാക്കുന്നത്. ഇക്കാരണത്താലാണ് ബില്ലിൽ കുടിശ്ശിക തുക വർദ്ധിച്ച് വരുന്നത്. (നിലവിൽ അവസാനം വന്നിരിക്കുന്ന ബില്ലിലെ തുക കുടിശ്ശിക ഉൾപ്പെടെ 20,51,455 രൂപയാണ്. പലതവണ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ടാപ്പുകൾ വാട്ടർ അതോറിറ്റി വിഛേദിക്കാതിരിക്കുന്നതിനാൽ ഇക്കാര്യം സംബന്ധിച്ച് തലശ്ശേരി ആർ.ഡി.ഒ മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/19.11.18) ലഭ്യമാക്കിയ മറുപടിയിൽ പറയുന്നുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 <u>പ്ലാസ്റ്റിക് മാലിന്യ സംസ്കരണം-സമഗ്ര പദ്ധതി വിഭാവനം</u>

ചെയ്തിട്ടില്ല.

2017-18 വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നനതിന് ബിൻ സ്ഥാപിക്കൽ എന്ന പ്രൊജക്ട് (എസ്.ഒ.125/18) നടപ്പിലാക്കുകയും ഓരോ വാർഡിലും 5എണ്ണം വീതം ആകെ 65 ബിന്നുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 2,27,500രൂപ (ബിൽ നം. 8/18 തീ. 09-03-18) വികസന ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. ഇങ്ങനെ നിക്ഷേപിക്കപ്പെടുന്ന മാലിന്യങ്ങൾ ഹരിത കർമ്മസേന വളണ്ടിയർമാർ ശേഖരിച്ച് ഇതിനായി പണികഴിപ്പിച്ച കെട്ടിടത്തിൽ ശേഖരിക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്.ഈ ആവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനായി 2017-18 വ്രഷം 4,16,438 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുമുണ്ട്. (പ്രൊജക്ട് നം.90/18) എന്നാൽ ഇങ്ങനെ സംഭരിക്കപ്പെടുന്ന മാലിന്യങ്ങൾ എങ്ങിനെ സംസ്കരിക്കുമെന്നത് സംബന്ധിച്ച് പദ്ധതികൾ ആവിഷ്കരിച്ചതായി കാണുന്നില്ല. ഇക്കര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 തെരുവ് വിളക്കുകൾക്കായി ലൈൻ വലിക്കൽ -കാലതാമസവും നടപടിക്രമങ്ങളിലെ വീഴ്ചയും.

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ 4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെ.എസ്.ഇ,ബി. തളിപ്പറമ്പ് സെക്ഷന് നൽകിയിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നൽകിയ തുക | പ്രവർത്തിയുടെ പേര് | വൗച്ചർ നം. |
|---|---|---|---|
| 1 | 18936 | വെള്ളിക്കീൽ മോസ്കിന് സമീപം. | 21700051/29.4.2017 |
| 2 | 27852 | മുറിയാത്തോട് -മംഗലശ്ശേരി നവോദയ റോഡ് | 21700144/6.6.2017 |
| 3 | 17746 | കയ്യം പട്ടികജാതി കോളനി. | 21700498/3.11.2017 |

ഇവ സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ ലഭ്യമാക്കുന്നതിന് സ്ലകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തികൾ പൂർത്തീകരിച്ചവയാണെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായെങ്കിലും ആവശ്യപ്പെട്ടിരുന്ന താഴെ പറയുന്ന രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല.

എ)കെ.എസ്.ഇ.ബി.യുമായി ചമച്ച കരാർ ഉടമ്പടി.

ബി)വിനിയോഗ സാക്ഷ്യപത്രം.

4)പ്രൊജക്ട് നം.105/18.

ചെലവ് 531730 രൂപ.(ബിൽനം.28/12.2.2018)

ഗ്രാമപഞ്ചായത്തിലെ 18 സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. തളിപ്പറമ്പ സെക്ഷനിലേക്ക് 531730 രൂപ ഡെപ്പോസിറ്റായി നൽകിയിരുന്നു. എന്നാൽ ഈ പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് 20.10.2018 ന് ആണ്. ഇക്കാലളവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പല തവണ കെ.എസ്.ഇ.ബി.

അധകൃതരോട് പ്രവൃത്തി പൂർത്തീകരിച്ച് തരണമെന്ന് അഭ്യർത്ഥിച്ചതായി കാണുന്നുണ്ട്. പൂർത്തീകരണത്തിൽ വന്ന കാലതമാസം കാരണം പുതുതായി ലൈൻ വലിക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനായി 2/18 ൽ വാങ്ങിയ 65 തെരുവ് വിളക്കുകൾ (പ്രൊജക്ട് നം.62/18) നാളിതുവരെ സ്ഥാപിക്കുന്നതിന് സാധിച്ചിട്ടുമില്ല. കെ.എസ്.ഇ.ബി.യിൽ നിന്നും തുക അടക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തിനോടൊപ്പം പ്രർത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയോ തുക നൽകിയ വേളയിൽ കരാർ ഉടമ്പടി ചമക്കുകയോ ചെയ്തിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാക്കാത്തതിനാൽ ആവശ്യപ്പെട്ട തുക നിലവിലെ കെ.എസ്.ഇ.ബി. നിരക്ക് വെച്ച് ന്യായമാണന്ന് ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എഗ്രിമെന്റ് വെക്കാത്തതിനാൽ ഉദ്ദേശിച്ച സമയത്ത് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കെ.എസ്.ഇ.ബി നിർബന്ധിതമായുമില്ല. മാത്രമല്ല തുക നൽകുന്ന സമയത്തെ നിരക്കിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളത് എന്നും ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് തുക നൽകുമ്പോൾ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരണ സമയം ഉൾപ്പെടുത്തി കരാർ ഉടമ്പടി ചമച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 3-6 സമഗ്ര കന്നുകാലി ഇൻഷൂറൻസ് പദ്ധതി-അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെട്ടിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു.

പ്രോജക്ട് നം. S0 123/18

അടങ്കൽ- 99,750/- ( വി.ഫണ്ട്-49,875/- ഗ്ര.വിഹിതം 49,875/- )

ചെലവഴിച്ച തുക-57962/-(ബിൽ നം.7/19-03-18-28981, 28981/-ഗ്ര.വിഹിതം)

മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിനായി 20 ഗുണഭോക്താക്കളുടെ പ്രീമിയം തുക 57,962/-യുണൈറ്റഡ് ഇന്ത്യ ഇൻഷൂറൻസ് കമ്പനിയിൽ ഒടുക്കിയിട്ടുണ്ട്.എന്നാൽ ഭരണ സമിതി അംഗീകരിച്ച അന്തിമ ഗുണഭോക്തൃപ്പട്ടികയിൽ താഴെ പറയുന്നവർ ഉൾപെട്ടിട്ടില്ല.

| ക്രമ നം. | പേര് | വാർഡ് നം | പ്രീമിയം തുക |
|---|---|---|---|
| 1. | ഗൗരി.എം. വി | 4 | 1725 |
| 2. | സുജാത.പി | 3 | 1725 |
| 3. | ലീല. എൻ | 6 | 1725 |
| 4. | ചേയിക്കുട്ടി.കെ.വി | 3 | 1725 |
| 5. | ലീല.എൻ | 6 | 1725 |
| 6. | ശ്രീധരൻ നമ്പ്യാർ | 3 | 1380 |
| 7. | ബാലൻ. കെ.വി | 5 | 1725 |
| 8. | ബാലകൃഷ്ണൻ.വി.വി | 13 | 1380 |
| 9. | മനോജ്.പി | 1 | 1380 |

| | | | |
|---|---|---|---|
| 10 | ഗോവിന്ദൻ.കെ | 5 | 1035 |
| 11 | രാധിക. കെ.പി | 13 | 1380 |

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗുണഭോക്താക്കൾ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെട്ടിട്ടില്ല എന്ന അപാകത മേലിൽ ആവർത്തിക്കില്ല എന്നാണ് വിശദീകരിച്ചത്. നടപടിക്രമങ്ങൾ പാലിക്കാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുന്ന പ്രവണത ഗൗരവമായി കാണേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ടെൻഡർ നടപടിക്രമങ്ങളിലെ അപാകങ്ങൾ.

മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ തൃപ്തികരമായ രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. ടെണ്ടറുകൾ യാഥാവിധി പ്രസിദ്ധീകരിക്കുകയും നിയമാനുസൃതമായ സമയപരിധിക്കുള്ളിൽതന്നെ കരാർ ഉടമ്പടി ചമക്കുകയും പ്രവർത്തി കരാറുകാരനെ ഏൽപ്പിക്കുയും ചെയ്തതായി കാണുന്നുണ്ട്. എങ്കിലും ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് മറ്റ് ചില വീഴ്ചകൾ ശ്രദ്ധയിൽപെടുകയുണ്ടായി. അവ താഴെ കൊടുക്കുന്നു.

1)പ്രവർത്തിയുടെ പൂർത്തീകരണ സമയം രേഖപ്പെടുത്തുന്നില്ല.

പ്രവർത്തികൾക്കായി ചമക്കുന്ന കരാർ ഉടമ്പടിയിലോ കരാറുകാരന് നൽകുന്ന വർക്ക് ഓർഡറിലോ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2005 പ്രകാരം പ്രവൃ ത്തി പൂർത്തീകരിക്കേണ്ട സമയപരിധി കാണിക്കുന്നില്ല. ആയതിനാൽതന്നെ ഏല്പിച്ച പ്രവൃത്തി കരാറുകാർ നിശ്ചിതസമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചുവോയെന്ന് മനസ്സിലാക്കുന്നതിന് സാധിച്ചിട്ടില്ല.

2)വ്യത്യസ്ത ടെൻഡർ നിരക്കുകൾ ക്വാട്ട് ചെയ്തു.

പ്ലാസ്റ്റിക്ക് മാലിന്യസംഭരണത്തിന് ഷെഡ് നിർമ്മാണം എന്ന പ്രവർത്തിക്ക് (പ്രൊജക്ട്നം.90/18) ശ്രീ.ബിജു ഇ.പി,ശ്രീ.പി.വി.കുമാരൻ എന്നിവരുടെ ടെൻഡറുകളാണ് ലഭിച്ചത്. ഇതിൽ സ്വീകരിച്ചിരിക്കുന്നത് ശ്രീ.ഇ.പി ബിജുന്റെ ടെൻഡറാണ്. എന്നാൽ ഈ ടെൻഡറിൽ എസ്റ്റിമേറ്റ് നിരക്ക്, 16.1ശതമാനം കുറവ് എന്നിങ്ങനെ രണ്ട് നിരക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ രണ്ടിന്റെയും താഴെ അസി.എഞ്ചിനീയർ ചുരുക്കൊപ്പം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 16.1 ശതമാനം കുറവെന്ന നിരക്കാണ് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ ശ്രീ.കുമാരന്റെ ടെൻഡറിൽ 10ശതമാനം കുറവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ടെണ്ടറുകളുടെ രഹസ്യ സ്വഭാവത്തെയും മത്സര സ്വഭാവത്തെയും ഇല്ലാതാക്കുന്ന പ്രവർത്തിയാണ്. ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

3)സെക്യൂരിറ്റി തുകയുടെ രജിസ്റ്റർ എഴുതിയിട്ടില്ല.

ടെൻഡർ സ്വീകരിക്കപ്പെട്ട കരാറുകാരിൽനിന്നും വാങ്ങിയിരിക്കുന്ന സെക്യൂരിറ്റി തുകയുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ട സെക്യൂരിറ്റി രജിസ്റ്റർ 2017-18 വർഷത്തിൽ എഴതി സൂക്ഷിച്ചിട്ടില്ല.ലഭ്യമാക്കിയ തുകയുടെ വിവരങ്ങൾ എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവർത്തികളുടെ ഗ്യാരണ്ടി കാലയളവ് തീരുന്ന സമയം, തിരികെ കൈപ്പറ്റിയ തുകകൾ, തിരികെ കൈപ്പറ്റുവാൻ അവശേഷിക്കുന്ന തുകകൾ എന്നിവയൊന്നും ഈ

രജിസ്റ്ററിന്റെ അഭാവത്തിൽ വ്യക്തമല്ല. ഇത്തരം അപാകങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

## **3-8** പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-തുക കൈമാറിയത് കൈപ്പറ്റ രശീതി ലഭ്യമാക്കേണ്ടത്

പ്രോജക്ട് നമ്പർ 104/2018 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ -3,75000/-(വി.ഫണ്ട് )

നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്റിനറി സർജൻ

പ്രോജക്ട് നടപ്പിലാക്കുന്നതിനായി ബിൽ നമ്പർ 1/18തീ.17-11-17 പ്രകാരം 93,750/- എസ് എൽ ബി. പി ഡയറക്ടർ കണ്ണൂരിന് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രശിതി ലഭ്യമാക്കിയിട്ടില്ല. ഈ ഇനത്തിൽ മുൻ വർഷങ്ങളിൽ നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രവും പദ്ധതികൾ പൂർത്തിയാക്കുന്ന മുറക്ക് ലഭ്യമാക്കേണ്ടതാണ്.

## **3-9** നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രോജക്ട്- പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ- SO 031/18

അടങ്കൽ-50000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിൽ നമ്പർ /തീയ്യതി/തുക - 6/17-18 /05-03-18/ 49990

സർവ്വീസ് സഹകരണ ബാങ്ക്, ഏഴോം ,അക്കൌണ്ട് നമ്പർ 2088020000272 ലേക്ക് 49990 രൂപ നൽകി നീതി സ്റ്റോർ,പഴയങ്ങാടിയിൽ നിന്നും 49,990 രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസർ നൽകുന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ 12/24-11-18നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കേണ്ടതാണ്.

## **3-10** സാന്ത്വന പരിചരണം - രേഖകൾ ഹാജരാക്കിയിട്ടില്ല **-2,86,455** രൂ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രോജക്ട്- സാന്ത്വന പരിചരണം

പ്രോജക്റ്റ് നമ്പർ- S0032/18

അടങ്കൽ-350000 വികസന ഫണ്ട്

ബിൽ നമ്പർ /തീയ്യതി/തുക - 1/17-18 /21-07-17/45570, 2/17-18/11-09-17/45895

3/17-18/19-10-17/45670, 4/17-18/21-12-17/46050, 5/17-18/05-03-18/52355

7/17-18/23-03-18/ 50915

ചെലവ്- 286455

മേൽ പറഞ്ഞിരിക്കുന്ന 6 ബില്ലുകളിലായി 286455 രൂപ സാന്ത്വന പരിചരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ഇതു സമ്പന്ധിച്ചിട്ടുള്ള മിനുട്ട്സും ഹോം കെയർ ടീമിനുള്ള വണ്ടി വാടകക്ക് എടുത്തതിന്റെ ക്വട്ടേഷൻ സംബന്ധിച്ച രേഖകളും ഹാജരാക്കുന്നതിന് വേണ്ടി നൽകിയ 13/24-11-18 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ രേഖകളുടെ അഭാവത്തിൽ ചെലവു തുക 2,86,455 രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 പഞ്ചായത്താഫീസിന്റെ പുതിയ കെട്ടിടം ഉൽഘാടനത്തിന്റെ ചെലവ് :1650രൂപ നിരാകരിക്കുന്നു.

ഗ്രാമപപഞ്ചായത്തിന്റെ പുതിയ കെട്ടിടം ഉൽഘാടനത്തോടനുബന്ധിച്ച് വിവിധയിനങ്ങളിലെ ചെലവിനത്തിൽ 20,000രൂപ വൗച്ചർ നം.21700269/2.8.2017 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.എന്നാൽ ഇതിന് അനുബന്ധമായി ലഭ്യമാക്കിയിരിക്കുന്ന ഉപ വൗച്ചറുകൾ 18,350 രൂപയുടേത് മാത്രമേയുള്ളു.വിശദാംശങ്ങൾ ചുവടെ.

| ക്രമ നം. | ചെലവിനം. | തുക |
|---|---|---|
| 1 | മൈക്ക് അനൗൺസ്മെന്റ്. | 2500 |
| 2 | ഫർണ്ണിച്ചർ സ്ഥാപിച്ചത്. | 3500 |
| 3 | ബൊക്കെ വാങ്ങിയത്. | 2600 |
| 4 | ചെണ്ടമേളം. | 3500 |
| 5 | കർട്ടന്റെ വാടക | 1500 |
| 6 | ബലൂൺ ആർച്ച് | 2500 |
| 7 | കാട് തെളിക്കൽ മുതലായവ. | 2250 |

| | |
|---|---|
| ആകെ | 18350 |

(മേൽപറഞ്ഞ തുകക്കുള്ള ക്യാഷ് ബില്ലുകൾ കൂടാതെ അൽ നാസർ ടൂൾസ് തളിപ്പറമ്പ എന്ന സ്ഥാപനത്തിൽനിന്നുമുള്ള യാതൊരു രേഖപ്പെടുത്തലുമില്ലാത്ത ഒരു ക്യാഷ് ബിൽ ഫോം കൂടി (നം.930) വൗച്ചറിനോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്.ഇത്തരം പ്രവണതകൾ ലഭ്യമാക്കിയ ബില്ലുകളുടെ വിശ്വാസ്യത കെടുത്തുന്നവയാണ്.) അധികം ചെലവഴിച്ച 1650 രൂപ നിരാകരിക്കുന്നു. (ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ 15/26.11.2018 നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.)

## 3-12 വഹനം സംസ്ഥാന ഇൻഷ്വൂറൻസ് വകുപ്പിൽ ഇൻഷ്വർ ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്ത് വാഹനമായ KL.59/G 9994 ബൊലേറോ ജീപ്പ് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിലാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത് . ഈ ഇനത്തിൽ 2017-18 വർഷം വൗച്ചർ നമ്പർ 21700108 തീയതി 25-05-2017 പ്രകാരം ₹13359 ചെലവഴിച്ചിട്ടുണ്ട്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം സർക്കാർ വാഹനങ്ങളുടെ എല്ലാ ഇൻഷൂറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വാഹനത്തിന്റെ ഇൻഷൂറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് വഴി നടത്തേണ്ടതാണ്.

## 3-13 പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ

2014-15 വർഷം ഐ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി.നളിനി നിരീച്ചൻ എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് തുക നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ ടിയാൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | നടപ്പിലാക്കിയ വർഷം | നാളിതുവരെ കൈപ്പറ്റിയ തുക | നിലനിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | ഐ.എ.വൈ | നളിനി നിരീച്ചൻ മുതുകുട | 2014-15 | 40000 | ഭവന നിർമ്മാണം തുടങ്ങിയിട്ടില്ല |

ഭവന നിർമ്മാണം പൂർത്തീരിക്കുകയോ അല്ലെങ്കിൽ 40000 രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-14 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനുള്ള

നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ 1,52,962 രൂപ തെരുവ് വിളക്കിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി.യിൽ അടവാക്കിയിട്ടുണ്ട്. ആകെ 226 തെരുവ് വിളക്കുകളുടെ ചാർജ്ജിനത്തിലുള്ള തുകയാണിത്. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം കണക്കാക്കുന്നതിനായി കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം14/26.11.2018 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഈ വിഷയത്തിൽ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ല പഞ്ചായത്ത് | 2017-18 | 250000 | നെൽകൃഷി വികസനം, | 250000 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | നെൽകൃഷി വികസനം, | 250000 | 0 |
| | ജില്ല പഞ്ചായത്ത് | 2017-18 | 96600 | പാലുൽപാദന ബോണസ്,96/17-18 | 0 | 96600 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 37000 | പാലുൽപാദന ബോണസ്,96/17-18 | 6011 | 30989 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 72000 | പാടശേഖര സമിതിക്ക് പവർ ടില്ലർ | 61960 | 10040 |
| 6 | ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവൻക്ക് സ്കോളർഷിപ്പ് | 173300 | 26700 |
| 7 | ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളി | 173300 | 26700 |

| | | | | | | |
|---|---|---|---|---|---|---|
| | | | | നേരിടുന്നവൻക്ക് സ്കോളർഷിപ്പ് | | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2017-18വർഷം നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ | തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്. ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | വൗച്ചർ നം. 21700051/3.11.17 | 100000 | 66606 | പൂർത്തീകരിച്ചു | 33394 |
| | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം. 28/12.2.18 | 534971 | 531730 | പൂർത്തീകരിച്ചു | 3241 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,20,000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 2,20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,20,000 |

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | തുക |
|---|---|---|---|
| 1 | മലബാർ ടൂറിസം ഡെവലപ്മെന്റ് കോ-ഓപറേറ്റീവ് സൊസൈറ്റി | 09-05-15 | 20,000 |
| | കേരള ഗ്രാമീൺ ബാങ്ക് സർട്ടിഫിക്കേറ്റ് നമ്പർ410461145/30-06-16 | 30-06-16 | 2,00,000 |
| ആകെ | | | 2,20,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം 8828/- രൂപ വരവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| റിപ്പാർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയ ആളിൻെറ പേര് ഉദ്യാഗപ്പേര് | രശീതി നമ്പർ/തീയ്യതി |
|---|---|---|---|---|
| 2015-16 | 3(2) | 623 | പി.ഭാർഗ്ഗവൻ | 117020100310/27-4-17 |
| | 2(6) | 500 | പ്രതാപ ചന്ദ്രൻ. ഇ.വി | 117020100283/26-4-17 |
| | 2(6) | 500 | വെള്ളുവളപ്പിൽ രാഗേഷ് | 117020100262/26-4-17 |
| | 3(1) | 3897 | അനിഷ പോൾ | 117020100085/-10-4-17 |
| | 3(3) | 764 | അനിഷ പോൾ | 117020100084/10-04-17 |
| 2016-17 | 2(1) | 2544 | ചിറയിൽ ലനിത | 117020101529/13-11-17 |
| ആകെ | | 8828 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
| 2002-03 | 3-9 | 2007-08 | 3-1-61 | ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ | തുടരുന്നു |
| 2014-15 | 2-1 | 2016-17 | ഖ.2 | തൊഴിൽ നികുതി | തുടരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക -ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക -ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,69,77,229 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,63,05,116 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,650 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,38,387 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-11 | | 1650 | ശ്രീ.ഭാർഗ്ഗവൻ പി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1(എ) | 12,340 | ശ്രീ.ഭാർഗ്ഗവൻ പി,സെക്രട്ടറി |
| 3-1(സി) | 39,592 | ശ്രീ.ഭാർഗ്ഗവൻ പി,സെക്രട്ടറി |
| 3-10 | 2,86,455 | ഡോ. ധന്യ ഉണ്ണികൃഷ്ണൻ,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 3,38,387 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഭാർഗ്ഗവൻ പി.,സെക്രട്ടറി | (വിരമിച്ചു) | സിന്ധൂരം,പൂക്കോത്ത് നട ,തളിപ്പറമ്പ. |
| ഡോ. ധന്യ ഉണ്ണികൃഷ്ണൻ,മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,പട്ടുവം | കൃഷ്ണാസ് അയ്യൻങ്കോൽ കാന്തൽ(പി.ഒ) |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 (തനത് ഫണ്ട്) | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 1 |
| 2001-02 | നം.കെ.എസ്.എ | 1 |

| | | |
|---|---|---|
| (തനത് ഫണ്ട്) | /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | |
| 2006-07 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 3 |
| 2007-08 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 1 |
| 2009-10, 2010-11 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 1 |
| 2011-12, 2012-13. | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 6 |
| 2013-14, 2014-15 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/27/18, തീ. 12-04-18 | 5 |
| 2015-16 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/712/17 തീ. 12-12-17 | 15 |
| 2016-17 | നം.കെ.എസ്.എ /കെ..എൻ.ആർ /സി3/229/2018, തീ. 02-05-18 | 19 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ /കെ.എൻ.ആർ /സി.3/2018/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ ,

ഫോൺ: 0497 2707698

ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി: 18.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ണൂർ ജില്ലയിലെ പട്ടുവം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF PATTUVAM GRAMA PANCHAYATAS FOR THE PERIOD FROM 1.4.2017 TO 31-03-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 7,357,547.47<br>11,842 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 585,840 |
| 130000000 | Rental Income from panchayat properties | RP-3 | 53,000 |
| 140000000 | Fees & User Charges | RP-4 | 200,865 |
| 150000000 | Sale & Hire Charges | RP-5 | 51,950 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 39,340,968 |
| 171000000 | Interest Earned | RP-9 | 211,037 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3,491,055 |
| 350000000 | Other Liabilities | RP-36 | 87,462 |

| | | | |
|---|---|---|---|
| Non Operating | | | |
| 180000000 | Other income | RP-10 | 8,828 |
| 311000000 | Earmarked Funds | RP-29 | 30,066 |
| 340000000 | Deposits Received | RP-34 | 631,200 |
| 350000000 | Other Liabilities | RP-36 | 99,361 |
| 431000000 | Sundry Debtors (Receivables) | RP-43 | 1,859,746 |
| 460000000 | Loans, Advances and Deposits | RP-47 | 325,851 |
| Grand Total | | | 54,346,618.47 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2,277,801 |
| 220000000 | Administrative Expenses | RP-12 | 1,014,911 |
| 230000000 | Operations & Maintenance | RP-13 | 377,728 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3,847,136 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 6,529,644 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1,450,125 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 725,119 |

| | | | |
|---|---|---|---|
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 23,040 |
| 255000000 | Maintance Projects | RP-20 | 7,588,225 |
| 256000000 | Other Revenue Grants & Funds- Revenue Expenses | RP-21 | 1,980 |
| 280000000 | Prior Perid Items | RP-26 | -2,244 |
| 320000000 | Grants, Funds &Contributions for specific Purposes | RP-31 | 592,463 |
| 350000000 | Othes Liabilities | RP-36 | 3,608,344 |
| Non Operating | | | |
| 240000000 | Interest & Finance Charge | RP-14 | 37,277 |
| 280000000 | Prior Period Item | RP-26 | -150 |
| 340000000 | Deposits Received | RP-34 | 68,287 |
| 350000000 | Other Liabilities | RP-36 | 1,892,927 |
| 410000000 | Fixed Assets | RP-38 | 3,326,709 |
| 412000000 | Capital Work in Progress | RP-40 | 12,576,274 |
| 460000000 | Loans, Advances and Deposits | RP-47 | 369,520 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 8,033,681.47<br>7,821 |
| Grand Total | | | 54,346,618.47 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF PATTUVAM GRAMA PANCHAYAT FOR THE PERIOD FROM 1.4.2017 TO 31-03-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2,462,548 |
| 130000000 | Rental Income from panchayat properties | I-3 | 53000 |
| 140000000 | Fees & User Charges | I-4(b) | 243,015 |
| 150000000 | Sale & Hire Charges | I-5(b) | 51,950 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 70,143,268 |
| 171000000 | Interest Earned | I-8 | 211,037 |
| 180000000 | Other Income | I-9 | 16,258 |
| A | Total Income | | 73,181,076 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7,693,426 |
| 220000000 | Administrative Expenses | I-11(b) | 1,019,911 |
| 230000000 | Operations & Maintenance | I-12(b) | 359,982 |
| 240000000 | Interest & Finance Charges | I-13 | 37,277 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 5,454,152 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 9,017,880 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1,450,125 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 725,119 |
| 254000000 | Expen.of Transferrred Institutions & State Spon. Schems<br>( not included under Decentralised plan programme) | I-14(d) | 28,247,276 |
| 255000000 | Maintance Projects | I-14(e) | 7,588,225 |
| 256000000 | Other Revenue Grants & Funds- Revenue Expenses | I-15(a) | 1,980 |
| 272000000 | Depreciation | I-17(a) | 4,249,,640 |
| B | Total Expenditure | | 65,844,933 |
| C=A-B | Gross Surplus / Defict Income over Expenditure | | 7,336,083 |
| D=<br>280000000 | Prior Period Item | I-18 | (2394) |
| E=C-D<br>290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | 7,338,477 |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

## അനുബന്ധം-2-3

# BALANCE SHEET OF PATTUVAM GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 8335443.47 |
| 311000000 | Earmarked Funds | B-2 | 79368 |
| 312000000 | Reserves | B-3 | 34347884 |
| | Total Reserve & Surplus | | 42762695.47 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 3391563 |
| | Total Grants,Contribution for specific purposes | | 3391563 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | 0.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 946435 |
| 350000000 | Other Liabilities | B-9 | 578858 |
| | Total Current Liabilities and Provisions | | 1525293 |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 47679551.47 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 48506051 |
| 411000000 | Accumulated Depreciation | B-11 | (9176292) |
| 412000000 | Capital Work In Progress | B-11(a) | 0.00 |
| | Total Fixed Assets | | 39329759 |
| | Investments | | |
| 420000000 | Investments | B-12 | 220000 |
| | Total investments | | 220000 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 34590 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 8041502.47 |
| 460000000 | Loans, Advances and Deposits | B-18 | 53700 |
| | Total Current Assets,Loans and Advances | | 8129792.47 |
| | TOTAL ASSETS | | 47679551.47 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.